9114
27/7/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്--RIPMR, ഇരിങ്ങാലക്കുട കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.453/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 23.7.2015

പരാമർശം-1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 12.6.2015 ലെ R & D/12668/2015 നമ്പർ കത്ത്

2. 24.6.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

തൃശ്ശൂർ കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന Regional Institute of Physical Medicine and Rehabilitation എന്ന സ്ഥാപനം വഴി നിലവിൽ സെറിബ്രൽ പാൾസി, ഓട്ടിസം, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, സ്പെഷ്യൽ സ്കൂൾ തുടങ്ങിയ സേവനങ്ങൾ നൽകുന്നുണ്ട്. ടി കെട്ടിടം ഗ്രൗണ്ട് ഫ്ലോർ അടക്കം 7 നിലകളുള്ളതാണ്. നിലവിൽ 2 നിലകൾ മാത്രമേ പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടുള്ളൂ. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകദേശം 1 കോടി 30 ലക്ഷം രൂപ ചെലവ് വരുമെന്നും ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69(Plan) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിനും കെട്ടിടം പണി പൂർത്തിയാക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും Regional Institute of Physical Medicine and Rehabilitation ന്റെ ഇരിങ്ങാലക്കുടയിലെ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 1 കോടി 30 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69-(06) (Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
ഡയറക്ടർ, Regional Institute of Physical Medicine and Rehabilitation, ഇരിങ്ങാലക്കുട, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ